LIBRARY ARCHIVES Kerala Legislative Assembly

പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ

205 (4593) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

&

(ബി) സംസ്ഥാനത്ത് പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ഇലക്ട്രിക്, CNG, LPG എന്നിവ ഉപയോഗിക്കുന്നത് സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹനനയത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നു. 22-4-2020-ലെ G.O.(P)No.21/2020/Trans. പ്രകാരം വൈദ്യുതി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തെ നികുതി ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ കേന്ദ്ര സർക്കാരിന്റെ 16-6-2021-ലെ RT-11036/104/2021-MVL വിജ്ഞാപനപ്രകാരം പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ തന്നെ ഇലക്ട്രിക് വാഹനങ്ങളെ രജിസ്ട്രേഷൻ ഫീസിൽനിന്നും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസിൽനിന്നും ഒഴിവാക്കിക്കൊണ്ട് 2-8-2021-ലെ GSR525(E) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. മാത്രമല്ല ബാറ്ററി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് അവരുടെ വരുമാന പരിധി 3 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ പരമാവധി 30,000 രൂപാവരെ സബ്സിഡിയായി നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ FAME-II (Faster Adoption and Manufacturing of Electric mobility) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 126 ഇലക്ട്രിക് വാഹന മോഡലുകൾക്ക് 'Demand Incentive' പ്രകാരം സഹായം നൽകുന്നുണ്ട്. അത് ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയ്ക്കുവാൻ സഹായിക്കുന്നുണ്ട്. 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് മോട്ടോർ സൈക്കിൾ, മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനു പയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ (PSV for Personal Use) സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങൾ എന്നിവയുടെ

15 വർഷത്തെ ഒറ്റത്തവണ നികുതി അവയുടെ വിലയുടെ 5 ശതമാനമായി 2020-ലെ ഫൈനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല 23-2-2021-ലെ GO(P)No.12/2021/Trans പ്രകാരം, 1-4-2021 മുതൽ, സ്വകാര്യ ആവശ്യത്തിനായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ഒടുക്കേണ്ടതായ ഒറ്റത്തവണ നികുതിയിൽ ആദ്യത്തെ 5 വർഷത്തെ നികുതി 50 ശതമാനം ഇളവ് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് അപകടങ്ങളിൽ മരണപ്പെട്ടവർ

206 (4594) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെട്ട അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയെന്നാണ് ഗതാഗത വകുപ്പ് കണക്കാക്കിയിട്ടുള്ളത്; വെളിപ്പെടുത്തുമോ?

മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെട്ട അപകടങ്ങളിൽ 694 പേർ മരണപ്പെട്ടിട്ടുണ്ട്.

വൈക്കം-ഉദയനാപുരം ബസ് സർവീസ്

207 (4595) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള സൂപ്പർഫാസ്റ്റ്, ഫാസ്റ്റ്, ഓർഡിനറി ബസ്സ് സർവീസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വൈക്കം KSRTC ഡിപ്പോയിൽനിന്നും നിലവിൽ സൂപ്പർ ഫാസ്റ്റ്-1, ഫാസ്റ്റ് പാസഞ്ചർ -11, ഓർഡിനറി -25 എന്നിവ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) രണ്ട് ക്ഷേത്രനഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വൈക്കം-ഉദയനാപുരം ബസ് സർവീസ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് നിയന്ത്രണങ്ങൾമൂലം വൈക്കം-ഉദയനാപുരം ബസ് സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിരുന്നു. എന്നാൽ 2-8-2021 മുതൽ പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) കോട്ടയം, എറണാകുളം ഡിപ്പോകൾക്കിടയിലുള്ള പ്രധാന സബ്ഡിപ്പോയായ വൈക്കത്ത് പ്രവേശിക്കാതെ കാഞ്ഞിരമറ്റംവഴി ബസ്സുകൾ സർവീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly